"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ആശ്രിത നിയമന പദ്ധതി - സർവ്വീസിലിരിക്കെ മരണപ്പെട്ട ഒറ്റപ്പാലം താലൂക്ക് വ്യവസായ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീ. സേതുമാധവൻ പി.ജി-യുടെ മകൾ ശ്രീമതി. അശ്വതി. പി.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1509/2025/ID തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. 24/05/1999-ലെ സ.ഉ. (അച്ചടി) നം. 12/99/ഉ.ഭ.പ.വ
2. 18/11/1999-ലെ സ.ഉ. (അച്ചടി) നം. 24/99/ഉ.ഭ.പ.വ
3. 21/02/2018-ലെ സ.ഉ. (അച്ചടി) നം. 5/2018/ഉ.ഭ.പ.വ
4. 14/07/2023-ലെ സ.ഉ. (അച്ചടി) നം. 12/2023/ഉ.ഭ.പ.വ
5. 09/11/2023-ലെ ലെ സ.ഉ. (കൈ) നം. 21/2023/ഉ.ഭ.പ.വ
6. ശ്രീമതി. അശ്വതി. പി.എസ്, പുലാക്കൽ വീട്, ഓടന്നൂർ, പറളി പി.ഒ, പാലക്കാട് 19/12/2023-ന് സമർപ്പിച്ച അപേക്ഷ
7. വ്യവസായ വാണിജ്യ ഡയറക്ടറുടെ 04/03/2024-ലെ ഡിഐസി/3722/2019-ഇഎ്1 നമ്പർ കത്ത്
8. പാലക്കാട് ജില്ലാ കളക്ടറുടെ 05/08/2024, 26/09/2024 തീയതികളിലെ DCPKD/5291/2024-A3 നമ്പർ കത്തുകൾ

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിൽ ഒറ്റപ്പാലം താലൂക്ക് വ്യവസായ ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 26/08/2023-ൽ മരണപ്പെട്ട ശ്രീ. സേതുമാധവൻ പി.ജി-യുടെ മകൾ ശ്രീമതി. അശ്വതി. പി.എസ്-ന്, സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സർക്കാർ സർവ്വീസിൽ നിയമനം നല്കുന്ന ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നല്കണമെന്നാവശ്യപ്പെട്ട് പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറും പാലക്കാട് ജില്ലാ കളക്ടറും യഥാക്രമം പരാമർശം (7) (8) എന്നിവ പ്രകാരം ശ്രീമതി. അശ്വതി. പി.എസ്-ന് ആശ്രിത നിയമനം നല്കാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. അപേക്ഷകയുടെ ജനന തീയതി 22/03/1994 ആണ്. അപേക്ഷകയ്ക്ക് 31 വയസ് പ്രായമുണ്ട്. അപേക്ഷക പ്ലസ്-ടു പാസായിട്ടുണ്ട്. സർക്കാർ സർവ്വീസിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ പാലക്കാട് ജില്ലയിൽ നിയമനം നല്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് ആശ്രിതർ ശ്രീമതി. അശ്വതി. പി.എസ്-ന് ആശ്രിത നിയമനം നല്കുന്നതിൽ തങ്ങൾക്ക് എതിർപ്പില്ല എന്ന് സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം താലൂക്ക് വ്യവസായ

ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 26/08/2023-ൽ മരണപ്പെട്ട ശ്രീ. സേതുമാധവൻ പി.ജി-യുടെ മകൾ ശ്രീമതി. അശ്വതി. പി.എസ്-ന് പരാമർശം (1), (2), (3), (4) & (5) ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള തുടർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയമായും അപേക്ഷകയുടെ വയസ്, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം എന്നിവയുടെ പരിശോധനയ്ക്ക് വിധേയമായും വ്യവസായ വാണിജ്യ വകുപ്പിൽ ആശ്രിത നിയമന മാനദണ്ഡ പ്രകാരം ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ പാലക്കാട് ജില്ലയിൽ ആശ്രിത നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3. അപേക്ഷ സമർപ്പിച്ച വേളയിലോ ഡിപ്പാർട്ട്മെൻറ് നടത്തിയ തുടർ അന്വേഷണ വേളയിലോ അപേക്ഷക വസ്തുതകൾ മറച്ചുവച്ചതായോ തെറ്റായ വിവരങ്ങൾ നൽകിയതായോ സർക്കാർ കണ്ടെത്തുന്ന പക്ഷം ആശ്രിത നിയമന പദ്ധതി പ്രകാരം ഇപ്പോൾ അനുവദിച്ചിട്ടുള്ള തൊഴിൽ സഹായം റദ്ദാക്കപ്പെടുന്നതായിരിക്കും.

4. വ്യവസായ വാണിജ്യ ഡയറക്ടർ, ശ്രീമതി. അശ്വതി. പി.എസ്-ന്റെ രേഖകൾ പരിശോധിച്ച് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച ശേഷം അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. അപേക്ഷക, ജോലിയിൽ പ്രവേശിക്കുന്നതിന് ഹാജരാകുന്ന വേളയിൽ അറ്റസ്റ്റ് ചെയ്ത തന്റെ ഏറ്റവും സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫിന്റെ കോപ്പികളും തന്റെ വയസും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസലും ഹാജരാക്കേണ്ടതാണ്.

5. വ്യവസായ വാണിജ്യ ഡയറക്ടർ, മരണപ്പെട്ട ജീവനക്കാരന്റെ സേവന പുസ്തകത്തിൽ പരേതന്റെ മകൾക്ക് ഈ ഉത്തരവ് പ്രകാരം ആശ്രിത നിയമനം നല്കിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

6. അപേക്ഷക സമർപ്പിച്ചിട്ടുള്ള സംരക്ഷണ മൊഴി പ്രകാരം ശ്രീമതി. അശ്വതി. പി.എസ്-ന്റെ മാതാവ് ശ്രീമതി. ജയന്തി. എൻ- നെ ജീവിതകാലം മുഴുവൻ സംരക്ഷിച്ച് കൊള്ളേണ്ടതും, സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നപക്ഷം വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീമതി. അശ്വതി. പി.എസ്-ന്റെ ശമ്പളത്തിൽനിന്നും 25% തുക ഈടാക്കി ആയത് ആശ്രിതർക്ക് തുല്യമായി നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. അശ്വതി. പി.എസ്, പുലാക്കൽ വീട്, ഓടന്നൂർ, പറളി പി.ഒ, പാലക്കാട്- 678612 (By regd with AD)

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, പാലക്കാട്

ശ്രീമതി. ജയന്തി. എൻ, പുലാക്കൽ വീട്, ഓടന്നൂർ, പറളി പി.ഒ, പാലക്കാട്- 678612 (By regd with AD)

ശ്രീമതി. സൗമ്യ പി.എസ്, പടിഞ്ഞാറേ വീട്, ഇടത്തോട്, പരുത്തിപ്പുള്ളി പി.ഒ, പാലക്കാട് - 678573 (By regd with AD)

ശ്രീ. അനീഷ് കുമാർ പി.എസ് പുലാക്കൽ വീട്, ഓടന്നൂർ, പറളി പി.ഒ, പാലക്കാട്- 678612 (By regd with AD)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ (CE) സെൽ വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 16-12-2025 13:55:59
സെക്ഷൻ ഓഫീസർ